**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 320** **01-02-2023 - ൽ മറുപടിയ്ക്ക്**

**സുഭിഷ ഹോട്ടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര നഗരസഭ പ്രദേശത്ത് സുഭിഷ ഹോട്ടൽ ആരംഭിക്കുന്നതിന് കെട്ടിടം ലഭ്യമായിട്ടും തുറന്നു പ്രവർത്തിക്കാൻ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വിശദമാക്കാമോ; | (എ) | സുഭിക്ഷ ഹോട്ടൽ ആരംഭിക്കുന്നതിന് കണ്ടെത്തിയ കെട്ടിടത്തിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന അംഗൻവാടി ഒഴിഞ്ഞു കിട്ടിയാൽ മാത്രമേ ഹോട്ടൽ തുടങ്ങാൻ സാധിക്കുകയുള്ളൂ. |
| (ബി) | പ്രസ്തുത ഹോട്ടൽ ആരംഭിക്കുന്നതിന് പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കാമോ? | (ബി) | ഹോട്ടൽ തുടങ്ങുന്നതിനു സ്ഥലവും നടത്തിപ്പ് ഏജൻസിയേയും കണ്ടെത്തി കഴിഞ്ഞാൽ എ.ഡി.എം അധ്യക്ഷനായ സുഭിക്ഷ കമ്മിറ്റിയുടെ അംഗീകാരത്തോടു കൂടി കെട്ടിട ഉടമ, നടത്തിപ്പ് ഏജൻസി എന്നിവരുമായി കരാറിൽ ഏർപ്പെടുകയും, പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർക്ക് പ്രാരംഭ ചെലവുകൾക്കുള്ള തുക അനുവദിക്കു ന്നതിനായി അപേക്ഷ നൽകുകയും ചെയ്യുന്നു. തുക ലഭ്യമാകുന്ന മുറയ്ക്ക് ഹോട്ടലിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നടപടിക്രമങ്ങൾ പാലിച്ച് ഹോട്ടലിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ